"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - സ്നേഹയാനം - നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരായ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ സൗജന്യമായി നൽകുന്ന പദ്ധതിക്ക് 2021-22- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.375/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 01/06/2021

പരാമർശം:-

1 9.2.2021 തീയതിയിലെ സ.ഉ (സാധാ) നം.123/2021/സാ.നീ.വ സർക്കാർ ഉത്തരവ്

2 സാമൂഹ്യനീതി ഡയറക്ടറുടെ 22.04.2021-ലെ SJD/102076/2020-SC3 നമ്പർ കത്ത്.

3 27.04.2021 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൻെറ മിനിട്ട്സ്.

ഉത്തരവ്

കേരളത്തിലെ നാഷണൽ ട്രസ്റ്റ് നിയമത്തിനു കീഴിൽ വരുന്ന ഭിന്നശേഷിക്കാരുടെ നിർധനരും, മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും തന്നെയില്ലാത്തവരുമായ അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നൽകുന്നതിനുള്ള പദ്ധതിയിലേയ്ക്കായി പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ഒരു ജില്ലയിൽ 2 പേർക്ക് വീതം ആകെ 28 ഇലക്ട്രിക് ഓട്ടോ നൽകുന്നതിന് 49,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി പ്രൊപ്പോസലിൽ ഒരു ഓട്ടോയ്ക്ക് 1,75,000/-രൂപയാണ് വില കണക്കാക്കിയിരുന്നത്. എന്നാൽ കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് പ്രതിനിധികളുമായി ഡയറക്ടർ നടത്തിയ ചർച്ചയിൽ പ്രസ്തുത തുക ഇലക്ട്രിക് റിക്ഷയ്ക്കുള്ളതാണെന്നും, ഇത് നിലവിൽ വിജയകരമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ലെന്നും നിലവിൽ ഇ-ഓട്ടോ എന്ന മോഡലാണ് പദ്ധതിക്ക് അനുയോജ്യം എന്നും, ഇതിന് ടാക്സ് അടക്കം ഒരു ഓട്ടോയ്ക്ക് 2,99,250/- രൂപ വില വരുമെന്നും തുക അപര്യാപ്തമായി വന്നതിനാൽ പദ്ധതി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ സാധിച്ചില്ലെന്നും, ആയതിനാൽ നിലവിൽ ഒരു ജില്ലക്ക് രണ്ട് ഓട്ടോ നൽകണമെങ്കിൽ 84,00,000/- രൂപ (2,99,250x2x14)=approximately 84,00,000/-) ആവശ്യമായി വരുമെന്നും പ്രസ്തുത തുക 2021-22 സാമ്പത്തിക വർഷം 2235-60-200-83(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനു അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ

അഭ്യർത്ഥിച്ചിരിക്കുന്നു.

2. 27.04.2021ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് ചില നിബന്ധനകളോടെ അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മറ്റ് വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തവരുമായ അമ്മമാർക്ക് സ്ഥിരവരുമാനം സാധ്യമാക്കുന്നതിനായി ഇലക്ട്രിക് ഓട്ടോ സൗജന്യമായി അനുവദിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധനകളോടെ 84,00,000/- രൂപ (എൺപത്തിനാല് ലക്ഷം രൂപ മാത്രം) 2021-22 സാമ്പത്തിക വർഷത്തിലെ 2235-60-200-83(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) വാഹനത്തിൻെറ Tax, Insurance എന്നിവ അപേക്ഷകർ വഹിക്കേണ്ടതാണ്.

2) വാഹനം ഗുണഭോക്താവിൻെറ പേരിൽ മാത്രമേ register ചെയ്യാവൂ എന്നും ഒരിക്കലും കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്നും ഒരേ ശ്രേണി റജിസ്ട്രേഷൻ നമ്പറുള്ള വാഹനങ്ങൾ ലഭ്യമാക്കും എന്നുള്ള സാക്ഷ്യപത്രം സാമൂഹ്യ നീതി ഡയറക്ടർ വാങ്ങി RTO-യ്ക്ക് സമർപ്പിക്കേണ്ടതാണ് .

3. വാഹനം വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ ഈട് വയ്ക്കുവാനോ പാടുള്ളതല്ല. അങ്ങനെ ശ്രദ്ധയിൽപ്പെട്ടാൽ വാഹനം തിരികെ പിടിച്ചെടുക്കുന്നതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്തിയ സീൽ വാഹനത്തിൻെറ RC-ബുക്കിൽ പതിപ്പിക്കേണ്ടതാണ്. ഇക്കാര്യം സാമൂഹ്യ നീതി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ് (Vide item No.10)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by JASMINE THOMAS
Date:Wed Jun 02 11:27:17 IST 2021
Reason: Approved

സെക്ഷൻ ഓഫീസർ